LIBRARY ARCHIVES Kerala Legislative Assembly

തെരുവു നായ്ക്കളുടെ ശല്യം

140 (1610) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനങ്ങളുടെ ജീവന് ഭീഷണിയുയർത്തിക്കൊണ്ടിരിക്കുന്ന തെരുവുനായ്ക്കളെ നശിപ്പിക്കുന്നതിന് ഇപ്പോൾ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(ബി) ആലപ്പുഴ നഗരസഭയിലും മറ്റു ഭാഗങ്ങളിലും തെരുവുനായ്ക്കളിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തെരുവുനായ്ക്കളുള്ളത് ഇപ്പോൾ ആലപ്പുഴ ജില്ലയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ ഫയൽ ചെയ്ത SLP(C)No.691/2009-ാം നമ്പർ കേസ്സിൽ തെരുവുനായ്ക്കളെ കൊല്ലുന്നത് ബഹു. സുപ്രീം കോടതി തടഞ്ഞിരിക്കുകയാണ്. മൃഗങ്ങളോടുള്ള ക്രൂരതയും, നായ്ക്കളെ കൊല്ലുന്നതും prevention of Cruelty to Animal Act 1982 പ്രകാരവും ഭരണഘടന അനുസരിച്ചും ശിക്ഷാർഹമായ കുറ്റങ്ങളാണ്.

(ബി) തെരുവുനായ്ക്കളെ കൊല്ലുന്നത് ബഹു. സുപ്രീം കോടതി തടഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇവയുടെ പ്രജനനം തടയുന്നതിന് വന്ധ്യംകരണവും പേവിഷബാധയ്ക്ക് കുത്തിവയ്പ് നൽകുന്നതും ആലപ്പുഴ നഗരസഭ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ 2001-ലെ Animal Birth Control (Dogs) Rules പ്രകാരം അനിമൽ വെൽഫയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ/ആന്റി റാബീസ് പ്രോഗ്രാം എന്നിവ ഫലപ്രദമായി നടപ്പിൽവരുത്തുന്നതിനുള്ള ചെലവിന്റെ 50% അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ വഹിക്കുന്ന പ്രോഗ്രാമിന്, ബോർഡുമായി വേണ്ടുന്ന കരാറിലേർപ്പെട്ട് ധനസഹായംനേടി പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കാനും ഇക്കാര്യം സമയബന്ധിതമായി നടപ്പിൽവരുത്തുവാനും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല. എങ്കിലും നായ്ക്കൾ പെറ്റുപെരുകുന്നത് ആശങ്കയുള്ള വിഷയം തന്നെയാണ്. ഇതിനെതിരെ ആലപ്പുഴ നഗരസഭ ഫലപ്രദമായ നടപടി സ്വീകരിച്ചുവരികയാണ്.